A | 6001

# സമഗ്ര ശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണയം 2019-20
## ആരോഗ്യകായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - 6 | സമയം: 2 മണിക്കൂർ

### *പൊതുനിർദേശങ്ങൾ*

- ആരോഗ്യകായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തി പഠനം എന്നീ വിഷയങ്ങളെ മൂന്നു വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

## ആരോഗ്യകായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

1. ശരീരത്തിന്റെ ആകൃതിയിൽ മാറ്റം ഉണ്ടാവുകയും വലിപ്പത്തിലും ഭാരത്തിലും വർധന ഉണ്ടാകുകയും ചെയ്യുന്ന പ്രക്രിയയാണ്?
   (വളർച്ച, ജനിതകം, പാരമ്പര്യം, വികാസം)
2. 1960 ലെ റോം ഒളിമ്പിക്സിൽ 100 മീ., 200 മീ. 4 X 100 മീ. റിലേ എന്നീ മത്സര ഇനങ്ങളിൽ സ്വർണ മെഡൽ നേടിയ വനിതാ കായികതാരം?
   (ഫ്ളോജോ, വിൽമ റുഡോൾഫ്, പി.ടി. ഉഷ, നാദിയ കോമനേച്ചി)
3. ശരീരഭാഗങ്ങൾ യഥാസ്ഥാനങ്ങളിൽ നിലനിൽക്കുന്ന അവസ്ഥയാണ്?
   (ആരോഗ്യം, സന്തുലനം, വൈകല്യം, ശരീരസംസ്ഥിതി)
4. മുതുക് മുന്നോട്ട് കുനിഞ്ഞിരിക്കുന്ന ശരീരസംസ്ഥിതി വൈകല്യമാണ്
   (കൈഫോസിസ്, ലോഡോസിസ്, സ്കോളിയോസിസ്, ബോലെഗ്)
5. ശരിയായി ഇരിക്കുമ്പോൾ?
   (പാദങ്ങൾ ഉയർത്തിയിരിക്കുക, ചരിഞ്ഞിരിക്കുക., നട്ടെല്ല് നിവർത്തിയിരിക്കുക, കുനിഞ്ഞിരിക്കുക.)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

6. വളർച്ചയും വികാസത്തെയും സ്വാധീനിക്കുന്ന രണ്ട് ഘടകങ്ങൾ എഴുതുക?
7. ശരീരസംസ്ഥിതി വൈകല്യങ്ങൾ എന്നാൽ എന്ത്?
8. ശരിയായി നിൽക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
9. വികാസം എന്നാൽ എന്ത്?
10. ചിത്രം തിരിച്ചറിഞ്ഞ് ഇവ ഏതുതരം ശരീര സംസ്ഥിതി വൈകല്യമാണെന്ന് കണ്ടെത്തി എഴുതുക?



ചിത്രം. എ.



ചിത്രം. ബി.

**11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

11. നിത്യവും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി ലഭിക്കുന്ന നേട്ടങ്ങൾ ഏവ?

12. താഴെകൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയൊ തെറ്റൊ എന്നെഴുതുക.

| | |
|---|---|
| എ) | വ്യായാമം ശാരീരിക വൈകല്യങ്ങൾക്കുള്ള പരിഹാരമാർഗം കൂടിയാണ് |
| ബി) | ശരിയായ രീതിയിൽ ഇരിക്കുമ്പോൾ പാദങ്ങൾ തറയിൽ നിന്നും ഉയർത്തി ഇരിക്കണം. |
| സി) | ശരീരസംസ്ഥിതിയിൽ നിൽക്കുമ്പോൾ പാദങ്ങൾ തോളകലത്തിൽ ആയിരിക്കണം. |

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

1. ചിത്രത്തിന് നീളവും വീതിയുമുണ്ട്. എന്നാൽ ശില്പത്തിനോ?
(നീളവും വീതിയും ഘനവും, നീളം മാത്രം, വീതി മാത്രം, വീതിയും നീളവും ഇല്ല.)

2. പ്ലാവിലയ്ക്ക് വീതി കൂടുതലുണ്ട്, മാവിലയ്ക്കോ?
(വീതി കൂടുതൽ, വീതി കുറവ്, വ്യത്യാസമില്ല, നീളവും വീതിയും കൂടുതൽ)

3. അനായാസേന പാടുവാനായി തെരഞ്ഞെടുക്കുന്ന അടിസ്ഥാന നാദമാണ്?
(താളം, ശ്രുതി, ഭാവം, രാഗം)

4. ഒരു ഗാനത്തിന്റെ സമയക്രമീകരണത്തിന്റെ അളവുകോലാണ്?
(ഈണം, താളം, പല്ലവി, ലയം)

5. നൃത്ത സംസ്കാരത്തിന്റെ അടിസ്ഥാനം?
(കൈമുദ്രകൾ, നാടൻ നൃത്തങ്ങൾ, ഭരതനാട്യം, പദങ്ങൾ)

6. ഉത്സവപ്പറമ്പിൽ സംഘർഷം, സംഘാടകസമിതി ആദ്യം ഫോൺ വിളിച്ചറിയിക്കുന്നത് എവിടെയായിരിക്കും?
(വക്കീലിനെ, പഞ്ചായത്ത് പ്രസിഡന്റിനെ, പോലീസ്സ്റ്റേഷനിൽ, ഹെൽത്ത് സെന്ററിൽ)

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.**

7. നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പ്രകൃതി ദൃശ്യം വരയ്ക്കാനാവശ്യപ്പെട്ടാൽ നിങ്ങൾ എന്തെല്ലാം വരയ്ക്കും? കുറിപ്പ് എഴുതുക.

8. ഈണമുണ്ടാവുന്ന വിവിധ ഘട്ടങ്ങൾ?

9. സ്കൂൾ കലാമേളയിൽ തിരുവാതിരകളി കണ്ടിട്ടുണ്ടാവുമല്ലോ? തിരുവാതിരകളിയുടെ അവതരണക്രമം ഒന്നു കുറിക്കൂ.

10. വാത്സല്യം, അത്ഭുതം, കരുണം എന്നീ ഭാവങ്ങൾ പ്രകടമാവുന്ന ഓരോ സന്ദർഭങ്ങൾ സംഭാഷണം സഹിതം എഴുതുക.

**11, 12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

11. ഒരു ആനയുടെ ശില്പം കളിമണ്ണിൽ ഉണ്ടാക്കുന്ന ഘട്ടങ്ങൾ ക്രമമായി എഴുതുക?

12. സംഗീതത്തിലെ 'ഭാവം' എന്താണെന്നറിയാമോ? ഒരു കുറിപ്പ് എഴുതുക.

**13, 14 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

13. മാർഗം കളിയുടെ രണ്ടു പ്രത്യേകതകൾ എഴുതുക.


14. തുള്ളൽ അവതരണ ശൈലിയുടെ പ്രത്യേകതകൾ രണ്ടു വാക്യത്തിൽ കവിയാതെ വിവരിക്കുക.

## പ്രവൃത്തിപഠനം

**ഒന്നുമുതൽ നാലുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

1. വലിയമരത്തിന്റെ ചെറിയ ശാഖകളിൽ ചെയ്യുന്ന പതിവയ്ക്കലിനെ വിളിക്കുന്ന പേരെന്ത്?
(നാഗപതിവയ്ക്കൽ, കുനകൂട്ടി പതിവയ്ക്കൽ, എയർ ലെയറിംഗ്, ഗ്രൗണ്ട് ലെയറിംഗ്)

2. ചിത്രം നിരീക്ഷിച്ച് ഏതു വസ്തുവാണ് പേപ്പർ ഉപയോഗിച്ച് നിർമ്മിച്ച അലങ്കാര വസ്തു എന്നു കണ്ടെത്തുക.




ചിത്രം എ  ചിത്രം ബി  ചിത്രം സി  ചിത്രം ഡി

3. വിദ്യാലയത്തിലെ ജൈവ മാലിന്യ സംസ്കരണത്തിന് അനുയോജ്യമായതും ചെലവു കുറഞ്ഞതുമായ മാലിന്യ സംസ്കരണ പ്രവർത്തനം കണ്ടെത്തുക?
A) ബയോഗ്യാസ് പ്ലാന്റ് B) പിറ്റ് കമ്പോസ്റ്റ് C) പൈപ്പ് കമ്പോസ്റ്റ് D) മണ്ണിര കമ്പോസ്റ്റ്

4. പ്രകൃതിയിൽ [illegible] ഉണ്ടാകുന്ന ഒരു മാറ്റം ഏതാണ്?
(ഇരുമ്പ് തുരുമ്പിക്കുന്നു., പൂവ് വിടരുന്നു, ചെടിവളരുന്നു, ഫലങ്ങൾ പഴുക്കുന്നു.)

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.**

5. പദസൂര്യൻ പൂർത്തിയാക്കുക.




6. ചേരുംപടിചേർക്കുക.


| | |
|---|---|
| a. വിറ്റാമിൻ സി | ജൈവവള നിർമ്മാണം |
| b. മുല്ല | ശുചീകരണ ഉപകരണം |
| c. മണ്ണിരക്കമ്പോസ്റ്റ് | ലെയറിംഗ് |
| d. ചൂൽ | പഴവർഗങ്ങൾ |

7. രാസകീടനാശിനികളുടെ അമിത ഉപയോഗം.

എ) മനുഷ്യനെയും, മണ്ണിനെയും മറ്റുജീവജാലങ്ങളെയും എങ്ങനെയെല്ലാം ബാധിക്കും.

ബി) ഇതിനുപകരമായി ഉപയോഗിക്കുന്ന രണ്ടു കീടനിയന്ത്രണ മാർഗങ്ങൾഎഴുതുക.

8. ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.




9. 

ചിത്രം നിരീക്ഷിച്ച് ഈ ഉല്പന്നം നിർമിക്കാനാവശ്യമായ സാധനസാമഗ്രികൾ പട്ടികപ്പെടുത്തുക.

**10, 11 ചോദ്യങ്ങൾക്ക് ഒന്നിന് ഉത്തരമെഴുതുക.**

10.

**"ജൈവ കീടനാശിനി"**

കാർഷിക ഗവേഷണ കേന്ദ്രം അംഗീകരിച്ചിട്ടുള്ള ഒരു കീടനാശിനിയാണ് പുകയിലകഷായം

**മാരക കീടനാശിനിയെപ്പറ്റി പറയുന്നത് കേൾക്കൂ!**

ഇതാ കുറെ മനുഷ്യർ, കൈകാലുകൾ ശോഷിച്ചും, വയർ ഉന്തിയും കണ്ണുതള്ളിയും ദേഹം നിറയെ ചൊറി വന്നും ജീവിതത്തോട് മല്ലിടുന്നവർ 30 വയസ്സായിട്ടും ശരീര വളർച്ച ഇല്ലാത്തവർ, ഈ ഹതഭാഗ്യർ ജീവിക്കുന്നത് ഹിരോഷിമയിലോ നാഗസാക്കിയിലോ, അല്ല നമ്മുടെ നാട്ടിൽത്തന്നെയാണ്.

ഈ രണ്ടു പ്രസ്താവനകളും വായിച്ച് താരതമ്യക്കുറിപ്പ് തയാറാക്കുക.

11. **ചേരുവകൾ**

തക്കാളി - 3 എണ്ണം

വെള്ളം - $2\frac{1}{2}$ കപ്പ്

തേങ്ങാപ്പാൽ - 2 കപ്പ്

മൈദ - 2 ടീ സ്പൂൺ

വെണ്ണ - 2 ടീ സ്പൂൺ

ഉപ്പ്, കുരുമുളക് പൊടി - പാകത്തിന്

**തയാറാക്കുന്നവിധം**

തക്കാളി കഴുകി, വെള്ളത്തിലിട്ട് വേവിച്ച് അരച്ചെടുക്കുക. കട്ടിയുള്ള പാത്രത്തിൽ വെണ്ണയിട്ട് ഉരുകുമ്പോൾ മൈദ ചേർക്കുക. പതഞ്ഞു വരുമ്പോൾ തീകുറച്ച് തേങ്ങാപ്പാൽ കുറേശ്ശെയായി ഒഴിച്ച് ഇളക്കി കൊഴുത്ത് വരുമ്പോൾ തക്കാളി സത്തിലേക്ക് ഒഴിക്കുക. പാകത്തിന് ഉപ്പ്, കുരുമുളക് പൊടിചേർത്ത് ചൂടോടെ കഴിക്കാം.

ഈ പാചകക്കുറിപ്പ് കണ്ട് വെജിറ്റബിൾ സൂപ്പ് തയാറാക്കാൻ വേണ്ട ചേരുവകളും, തയാറാക്കുന്നവിധവും എഴുതുക.